പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3319 19.06.2018-ലെ മറുപടിക്ക്

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | | ഉത്തരം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ പ്രതിമാസ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ ശരാശരി 3,08,98,272 രൂപ പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്. |
| (ബി) | ഡിപ്പോയിൽ ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പൂർത്തീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പൂർത്തിയായിട്ടുണ്ട്.<br>നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; | (സി) | യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ സാധ്യതാപഠനം നടത്തുന്നത് പരിശോധിക്കുന്നതാണ്. |
| (ഡി) | ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ ലേലം ചെയ്യാൻ എത്ര ഷോപ്പുകൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പന്ത്രണ്ട് (12) എണ്ണം. |

സെക്ഷൻ ഓഫീസർ